(ബി) ഇതിൽ 533 പോലീസുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇവരിൽ ആറുപേരെ പിരിച്ചുവിട്ട 466 പേർ സസ്പെൻഷന് വിധേയരായിട്ടുണ്ട്. 190 പേരെ സ്ഥലം മാറ്റി.

റാഗിംഗിൽ വിദ്യാർത്ഥി മരണപ്പെട്ട സംഭവം

232 (3744) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംഗ്ലൂർ സോലദേവനഹള്ളിയിലെ ആചാര്യ പോളിടെക്നിക് എഞ്ചിനീയറിംഗ് കോളേജിൽ ആർക്കിടെക്ട് കോഴ്സിന് പഠിക്കുന്ന ചാലക്കുടി പൂപ്പറമ്പിൽ വീട്ടിൽ സയ്യദ് ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിം കോളേജിൽ വെച്ച് സീനിയർ വിദ്യാർത്ഥികളുടെ ക്രൂരമായ റാഗിംഗിനും ആക്രമണത്തിനും വിധേയനായി ചികിത്സയിലിരിക്കെ 10-3-2014-ൽ മരണമടഞ്ഞിട്ടുള്ള സംഭവത്തിൽ, കുറ്റക്കാരെ കണ്ടെത്തുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും അന്യസംസ്ഥാനത്ത് പഠനം നടത്തിവരുന്ന മലയാളി വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായും ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

ഉത്തരം

(എ) ബാംഗ്ലൂർ ആചാര്യ എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ചുവരികയായിരുന്ന ചാലക്കുടിക്ക് സമീപം പൂപ്പറമ്പിൽ വീട്ടിൽ സെയ്ദ് ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിമിന്റെ അസ്വാഭാവിക മരണം സംബന്ധിച്ച് എറണാകുളം സൗത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 363/14 കേസിന്റെ സംഭവ സ്ഥലം കർണ്ണാടക സംസ്ഥാനത്തായതിനാൽ കേസ് ഫയലും അനുബന്ധ രേഖകളും കർണ്ണാടക പോലീസിന് കൈമാറിയിട്ടുള്ളതാണ്.

(ബി) ഉണ്ട്.

നെടുങ്കണ്ടത്ത് ഫയർ & റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നത്

233 (3745) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടത്ത് റവന്യൂ വകുപ്പിന് കീഴിൽ ഫയർ &റസ്ക്യൂ സ്റ്റേഷന് കണ്ടെത്തിയിട്ടുള്ള ഭൂമി വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly